പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 881 — 11.06.2014 -ലെ മറുപടിക്ക്.

ക്ഷേമനിധി ആനുകൂല്യങ്ങൾക്ക് ആധാർ നിർബന്ധമാക്കൽ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.റ്റി.ജോർജ് :<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. ഷാഫി പറമ്പിൽ :<br>ശ്രീ. ലൂഡി ലൂയിസ് : | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) ക്ഷേമനിധി ആനുകൂല്യങ്ങൾ ആധാർ അധിഷ്ഠിത ബാങ്ക് അക്കൗണ്ടുവഴി വിതരണം ചെയ്യുന്ന സംവിധാനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) ഇല്ല. ബാങ്ക് അക്കൗണ്ടിലൂടെ മാത്രം അംഗങ്ങൾക്ക് ക്ഷേമനിധി ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ബാങ്ക് അക്കൗണ്ട് നമ്പരും മറ്റ് വിവരങ്ങളും ഇതിലേയ്ക്കായി പ്രത്യേകം തയ്യാറാക്കിയ സോഫ്റ്റ് വെയറിൽ അക്ഷയ കേന്ദ്രങ്ങൾ മുഖേന അപ്‌ലോഡ് ചെയ്തു വരുന്നു. 1875000-ത്തോളം വരുന്ന വിവിധ ക്ഷേമനിധി അംഗങ്ങൾ ഇതിനകം രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) പ്രസ്തുത സംവിധാനംവഴിയുള്ള ആനുകൂല്യങ്ങൾക്ക് രജിസ്ട്രേഷൻ നിർബന്ധമാക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) ഉണ്ട്. അക്ഷയ കേന്ദ്രങ്ങൾ മുഖേന ബാങ്ക് അക്കൗണ്ട് നമ്പർ ചേർത്ത് രജിസ്റ്റർ ചെയ്യേണ്ടതാണ്. |
| (സി) ഇതിനായി എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ; | (സി) എല്ലാ ക്ഷേമനിധി അംഗങ്ങളുടേയും പേരിൽ ബാങ്കിൽ സീറോ ബാലൻസ് അക്കൗണ്ട് തുടങ്ങുന്നതിന് ആവശ്യമായ സഹായം നൽകുന്നതിന് ബാങ്കുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അക്ഷയ കേന്ദ്രങ്ങളിൽ രജിസ്ട്രേഷനായി വരുന്ന തൊഴിലാളികൾക്ക് സമയബന്ധിതമായി രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കുന്നതിന് അക്ഷയ ഡയറക്ടർ മുഖേന സംസ്ഥാനത്തൊട്ടാകെയുള്ള അക്ഷയ കേന്ദ്രങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) കെൽട്രോണിന്റെ സഹായത്തോടെ പ്രത്യേകം തയ്യാറാക്കിയ സോഫ്റ്റ് വെയറിൽ അപ്‌ലോഡ് ചെയ്തിട്ടുള്ള ക്ഷേമനിധി അംഗങ്ങളുടെ വ്യക്തിഗത വിവരത്തോടൊപ്പം അക്ഷയ കേന്ദ്രങ്ങൾ മുഖേന അംഗങ്ങളുടെ ബാങ്ക് അക്കൗണ്ട് നമ്പർ ചേർത്ത് രജിസ്റ്റർ ചെയ്യാവുന്നതാണ്. |

സെക്ഷൻ ഓഫീസർ